125 (269) വൈദ്യുതി ചാർജ്ജ്

ശ്രീ. എ.കെ. മണി :

ശ്രീ. കെ. ബാബു :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വിവിധ രീതിയിലുള്ള വൈദ്യുതി ഉപഭോക്താക്കളിൽനിന്നും യൂണിറ്റൊന്നിന് ഈടാക്കിയിരുന്ന ചാർജ്ജ് എത്രയായിരുന്നു;

(ബി) ഈ ചാർജ്ജ് എപ്പോഴെല്ലാം പുതുക്കി;

(സി) ഓരോ പുതുക്കലിനും വർദ്ധിപ്പിച്ച ചാർജ്ജ് എത്രവീതമാണ്?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം1-ൽ വച്ചിട്ടുണ്ട്.†

(ബി) 1-2-1997-ലും 5-99-ലും ചാർജ്ജ് പുതുക്കിയിട്ടുണ്ട്.

(സി) 1-2-1997-ലെ പുതുക്കലിനുശേഷമുള്ള നിരക്ക് അനുബന്ധം-2 ലും, 5-99-ലെ പുതുക്കലിനുശേഷമുള്ള ഇപ്പോഴത്തെ നിരക്ക് അനുബന്ധം-3 ലും വച്ചിട്ടുണ്ട്.

126 (270) വൈദ്യുതി നിരക്ക് വർദ്ധന

ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ. മുഹമ്മദാലി :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി നിരക്കിൽ എത്ര പ്രാവശ്യം വർദ്ധനവ് വരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) 1997 ഫെബ്രുവരിയിലെ വർദ്ധനവുമൂലം പ്രതിവർഷം എത്രരൂപയുടെ അധികവരുമാനമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) 1998 ഫെബ്രുവരി മുതൽ ഗാർഹികേതര ഉപഭോക്താക്കൾക്ക് വരുത്തിയ 10 ശതമാനം വാർഷിക വർദ്ധനവുമൂലം ആ വർഷം എത്ര അധിക വരുമാനമുണ്ടായി;

(ഡി) 1999 ഫെബ്രുവരി മുതൽ നിലവിൽ വന്ന 10 ശതമാനം വർദ്ധന മുഖേന പ്രതിവർഷം പ്രതീക്ഷിക്കുന്ന അധിക വരുമാനം എത്രയാണ്;

(ഇ) 1999 മേയ് 15 മുതൽ വരുത്തിയ സമഗ്ര പരിഷ്കരണം മുഖേന പ്രതീക്ഷിക്കുന്ന അധിക വാർഷിക വരുമാനം എത്രയാണ്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 1999 മേയ് 15-ലെ വർദ്ധനവ് വരുത്തിയില്ലായിരുന്നുവെങ്കിൽ ബോർഡിന് പ്രതിദിനം നേരിടേണ്ട നഷ്ടം എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ജി) വൈദ്യുതി നിരക്കിൽ അവസാനം വരുത്തിയ വർദ്ധനവിനു ശേഷം ബോർഡ് നഷ്ടം നേരിടുന്നുണ്ടോ; എങ്കിൽ എത്രയാണെന്നു വിശദമാക്കുമോ?

ഉത്തരം

(എ) രണ്ടു തവണ 1-2-97-ലും, 15-5-99 ലും

(ബി) 224 കോടി രൂപ

(സി) 82 കോടി രൂപ

(ഡി) 1997 ലെ താരിഫ് പരിഷ്കരണ ഉത്തരവിൽ ഗാർഹികം, കാർഷികം, ചെഷയർഹോം, അന്ധ-ബധിരർ താമസിക്കുന്നവരുടെ ഹോസ്റ്റൽ മുതലായവർ ഒഴികെയുള്ള വിഭാഗക്കാർക്ക് എല്ലാ വർഷം ഫെബ്രുവരി മാസം മുതലും 10% വർദ്ധനവ് വരുമെന്ന് നിഷ്ക്കർഷിച്ചിരുന്നു. ഇതിന്റെ ഫലമായി പ്രതീക്ഷിക്കുന്ന അധിക വരുമാനം 90 കോടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) 492 കോടി രൂപ

(എഫ്) പ്രതിദിനം 1.7 കോടി രൂപ

(ജി) ഉണ്ട്. പ്രതിവർഷം 120 കോടി രൂപ

127 (271) **വൈദ്യുതി ചാർജ്ജ് വർദ്ധന യുക്തിസഹമാക്കാൻ പദ്ധതി**

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധനവിന് ഉപോൽബലകമായ ഘടകങ്ങൾ എന്തൊക്കെയാണ്;

(ബി) ഇടത്തരം വരുമാനക്കാരുടെ ഗാർഹികാവശ്യത്തിനുള്ള വൈദ്യുതി ഉപഭോഗത്തിന് ചാർജ്ജ് കുറച്ചും ഉയർന്ന വരുമാനശ്രേണിയിലുള്ളവരുടെ ഉയർന്ന വൈദ്യുതി ഉപയോഗത്തിന് കൂടിയ ചാർജ്ജ് ഈടാക്കിയും ചാർജ്ജ് വർദ്ധന യുക്തിസഹമാക്കാനുള്ള പദ്ധതിയാവിഷ്കരിക്കുമോ?

ഉത്തരം

(എ) കായംകുളം താപനിലയത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ വിലക്കൂടുതൽ, കേന്ദ്രപൂളിൽനിന്നും ലഭിക്കുന്ന വൈദ്യുതിയുടെ വിലക്കൂടുതൽ, ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്ന വായ്പയുടെ പലിശയുടെ വർദ്ധനവ്, സംസ്ഥാനത്ത് മറ്റ് ഏജൻസികളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ വിലകൂടുതൽ, ബ്രഹ്മപുരം താപനിലയത്തിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ഉയർന്ന ചെലവ് ഇവയാണ് വൈദ്യുതി ചാർജ്ജ് വർദ്ധനവിന്റെ ഉപോൽബലകമായ ഘടകങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly